ഉത്തരം

(എ) കേന്ദ്രഗവൺമെന്റ് ധനസഹായത്തോടു കൂടി സംസ്ഥാന പോലീസ് സേനയെ ഏറ്റവും ആധുനിക സൗകര്യങ്ങളുള്ള പോലീസ് സേനയാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) കേരളത്തിലെ പോലീസ് സേനയ്ക്ക് വളരെ മെച്ചപ്പെട്ട പരിശീലനം നൽകുവാനായി ആധുനിക സൗകര്യങ്ങളോടുകൂടിയ പോലീസ് അക്കാഡമി ഉടൻ പ്രവർത്തനം ആരംഭിക്കുന്നതാണ്. കൂടാതെ ആധുനിക പരിശീലന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) മൂന്നാംമുറ പ്രയോഗങ്ങൾ കേരള പോലീസിൽ അവലംബിച്ചിട്ടില്ല. ശാസ്ത്രീയ കുറ്റാന്വേഷണ രീതികൾ വികസിപ്പിച്ചെടുക്കുന്നതിനുവേണ്ടി ഫോറൻസിക് സയൻസ് ലബോറട്ടറി, ഫിംഗർ പ്രിന്റ് ബ്യൂറോ, ഫോട്ടോഗ്രാഫിക് ബ്യൂറോ എന്നിവയ്ക്ക് നൂതന ഉപകരണങ്ങൾ വാങ്ങുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ പോലീസ് നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫോറൻസിക് സയൻസ് ലബോറട്ടറിക്കുവേണ്ടി 17 സ്റ്റീരിയോയും മൈക്രോസ്കോപ്പ്, കമ്പാരിയർ മൈക്രോസ്കോപ്പ്, വീഡിയോ സ്പെക്ടർ കംപാരറ്റർ മുതലായവയും, ഫോട്ടോഗ്രാഫിക് യൂണിറ്റിനുവേണ്ടി അംപ്രലാ ഫ്ളാഷ്, റിംഗ് ഫ്ളാഷ് എന്നീ അത്യാധുനിക ഉപകരണങ്ങൾ വാങ്ങി ഉപയോഗിച്ചുവരുന്നു.

പോലീസ് വകുപ്പിന്റെ വികസനത്തിന് ചെലവിട്ട തുക

40 (1508) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോലീസ് വകുപ്പിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എത്രതുക വീതം ഏതെല്ലാം ഇനത്തിൽ ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി എത്ര വാഹനങ്ങൾ വാങ്ങി എന്നും ഏതെല്ലാം തരത്തിലുള്ള വാഹനങ്ങളാണെന്നും അവ ഓരോന്നിനും എത്ര രൂപ വീതമെന്നും തരംതിരിച്ച് വെളിപ്പെടുത്തുമോ ;

(സി) കംപ്യൂട്ടർവൽക്കരണത്തിനായി എന്ത് തുകയാണ് ചെലവിടുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ശാസ്ത്രീയമായ രീതിയിൽ കേസ് അന്വേഷിക്കുന്നതിന്റെ ആവശ്യത്തിലേയ്ക്ക് ആധുനിക ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ ഉപകരണങ്ങൾ വാങ്ങിയെന്നും അവയുടെ ഉപയോഗം എന്താണെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് മോഡേണൈസേഷൻ സ്കീമിലും XI-ാം ധനകാര്യ കമ്മീഷൻ അവാർഡ് സ്കീമിലും 24-6-2003 വരെ ചെലവായ തുകയുടെ വിവരം താഴെ കൊടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1. മോഡേണൈസേഷൻ സ്കീം - 130,41,16,464 (നൂറ്റിമുപ്പത് കോടി നാല്പത്തിയെന്നു ലക്ഷത്തി പതിനാറായിരത്തി നാനൂറ്റി അറുപത്തിനാല്) രൂപ.

2. XI-ാം ധനകാര്യ കമ്മീഷൻ അവാർഡ് - 10,01,82,475 (പത്തു കോടി ഒരു ലക്ഷത്തി എൺപത്തിരണ്ടായിരത്തി നാനൂറ്റി എഴുപത്തി അഞ്ച്) രൂപ കൂടാതെ പോലീസ് ക്യാമ്പുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കിറ്റ്ബോക്സ്, ഗ്യാസ് കുക്കിംഗ്, മെസ്സിലെ പാത്രങ്ങൾ മറ്റ് ഉപകരണങ്ങൾ, ടി.വി. സെറ്റുകൾ, കട്ടിലുകൾ എന്നിവ വാങ്ങിയ വകയിൽ ആകെ 50,36,044 (അൻപത് ലക്ഷത്തി മുപ്പത്തിയാറായിരത്തി നാല്പത്തിനാല്) രൂപയും ക്യാമ്പുകളിലെ കെട്ടിടങ്ങൾ പുതുക്കി പണിയുന്നതിനും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും 10,02,93,000 (പത്ത് കോടി രണ്ട്ലക്ഷത്തി തൊണ്ണൂറ്റിമൂവായിരം) രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം1382 വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

1.	ഡീസൽ ജീപ്പ്	-	600 എണ്ണം 13,08,88,875 രൂപ
2.	മോട്ടോർ സൈക്കിൾ	-	400 എണ്ണം 1,31,16,389 രൂപ
3.	ബസ്സുകൾ	-	244 എണ്ണം 17,56,19,181 രൂപ
4.	ആംബുലൻസ്	-	25 എണ്ണം 1,40,89,062 രൂപ
5.	റിക്കവറി വെഹിക്കിൾ	-	4 എണ്ണം 45,66,194 രൂപ
6.	ഓപ്പൺലോറി	-	40 എണ്ണം 1,85,52,749 രൂപ
7.	10 സീറ്റ് വെഹിക്കിൾ	-	35 എണ്ണം 1,44,72,415 രൂപ
8.	റ്റാറ്റാ സ്പാഷിയോ ജീപ്പ്	-	11 എണ്ണം 38,62,380 രൂപ
9.	മാരുതി വാൻ	-	19 എണ്ണം 46,81,121 രൂപ
10.	എൽ.സി.വി. ബസ്സുകൾ	-	4 എണ്ണം 32,00,000 രൂപ

LIBRARY ARCHIVES Kerala Legislative Assembly

(സി) പോലീസ് സ്റ്റേഷൻതലം മുതൽ ഡി.ജി.പി. ഓഫീസുവരെയുള്ള വിവിധ പോലീസ് ഓഫീസുകൾ കംപ്യൂട്ടർവൽക്കരണത്തിന് 475.01 ലക്ഷം രൂപയുടെ പദ്ധതി കേന്ദ്രസർക്കാർ നവീകരണ സ്കീമിൽ (2001-02 ഉൾപ്പെടുത്തി അംഗീകരിച്ചിട്ടുണ്ട്.)

(ഡി) നവീകരണ സ്കീമിലും ധനകാര്യ കമ്മീഷൻ അവാർഡിലും ഉൾപ്പെടുത്തി ശാസ്ത്രീയ കുറ്റാന്വേഷണം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ഫോറൻസിക് സയൻസ് ലബോറട്ടറി, ഫിംഗർപ്രിന്റ് ബ്യൂറോ, ഫോട്ടോഗ്രാഫിക് ബ്യൂറോ എന്നിവകളിലേയ്ക്ക് വേണ്ട ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ഫോറൻസിക് സയൻസ് ലബോറട്ടറിയിലേയ്ക്ക് വിവിധ പരിശോധനകൾ നടത്തുന്നതിനും കുറ്റകൃത്യങ്ങൾ നടന്ന സ്ഥലത്തുനിന്നു കിട്ടുന്ന തെളിവുകൾ പരിശോധിക്കുന്നതിനുമായി 17 സ്റ്റീരിയോയും മൈക്രോസ്കോപ്പ്, കംപാരിക്കൽ മൈക്രോസ്കോപ്പ്, വീഡിയോ സ്പെക്ടർ കംപാരറ്റർ (എക്യുപ്മെന്റ് ഫോർ ടെസ്റ്റിംഗ് അതർ കസ്റ്റ്യൻസ് ഡോക്യുമെന്റ്സ്) മുതലായവയും ഫിംഗർപ്രിന്റ് ബ്യൂറോയിലേയ്ക്ക് കൈവിരലടയാളങ്ങൾ എടുക്കുന്നതിലേയ്ക്ക് ആവശ്യമായ കെമിക്കലുകളും മറ്റ് സാധനസാമഗ്രികളും പോലീസ് ഫോട്ടോഗ്രാഫിക് യൂണിറ്റിനുവേണ്ടി അംബ്രല്ലാ ഫ്ളാഷ്, റിംഗ് ഫ്ളാഷ് തുടങ്ങിയവയും വാങ്ങി ഉപയോഗിച്ചുവരുന്നു.

പോലീസ് സേനയുടെ നവീകരണം

41 (1509) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. വി. കെ. സി. മമ്മത്കോയ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയുടെ നവീകരണത്തിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പോലീസ് സേനയുടെ നവീകരണത്തിനായി കേന്ദ്രത്തിൽ നിന്നും ലഭിച്ച ധനസഹായം ഏതെല്ലാം കാര്യങ്ങൾക്കാണ് വിനിയോഗിക്കുന്നതെന്ന് പറയാമോ ; ഇതിനായി കേന്ദ്രത്തിൽ നിന്നും എന്ത് തുകയുടെ ധനസഹായമാണ് ലഭിച്ചിട്ടുള്ളതെന്ന് പറയാമോ ;

(സി) പതിനൊന്നാം ധനകാര്യകമ്മീഷൻ അവാർഡിൽപ്പെടുത്തി പോലീസ് നവീകരണത്തിനായി എന്ത് തുക ചെലവഴിച്ചു ; പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) തീവ്രവാദ വർഗ്ഗീയ ആക്രമണം തടയുന്നതിന് പോലീസ് സേനയിൽ പ്രത്യേക വിഭാഗം രൂപീകരിക്കണമെന്ന് കേന്ദ്രം നിർദ്ദേശിച്ചിട്ടുണ്ടോ ; എങ്കിൽ ഇതനുസരിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഇ) കേന്ദ്രം വിളിച്ചുകൂട്ടിയ മുഖ്യമന്ത്രിമാരുടെ സമ്മേളനത്തിൽ തീവ്രവാദ വർഗ്ഗീയ സംഘടനകളുടെ പ്രവർത്തനം അമർച്ച ചെയ്യുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly